







# നിനക്കായി

SSVP
ERNAKULAM CENTRAL COUNCIL

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി**
**എറണാകുളം സെൻട്രൽ കൗൺസിലിന്റെ**

## ഏകസ്ഥർക്കുവേണ്ടിയുള്ള പദ്ധതി



**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി**
**എറണാകുളം സെൻട്രൽ കൗൺസിലിന്റെ**

## ഏകസ്ഥർക്കുവേണ്ടിയുള്ള പദ്ധതി

# നിനക്കായി

പ്രിയമുള്ളവരെ,

വിവാഹപ്രായം കഴിഞ്ഞിട്ടും ഇനിയും ഒരു ജീവിതാന്തസ്സിലേക്ക് പ്രവേശിക്കാൻ സാധിക്കാതെ നിൽക്കുന്ന സ്ത്രീ പുരുഷന്മാരുടെ അവസ്ഥക്ക് മാറ്റം വരുത്താനുള്ള കർമ്മപദ്ധതിയാണിത്. മലയാളികളുടെ വിവാഹപ്രായം 20നും 35നും ഇടയിലാണ് കൂടുതലും നടക്കുക. എന്നാൽ ഈ പ്രായത്തിൽ തങ്ങളുടെ കുടുംബങ്ങളെ കരകയറ്റാനുള്ള കഠിനാദ്ധ്വാനത്തിലായിരിക്കുന്നവരൊ, ഇളയവർക്കുവേണ്ടി മാറിനിന്നവരോ, സ്ഥിരമായ വരുമാനം ആയിട്ടാവാം വിവാഹം എന്നുചിന്തിച്ചവരൊക്കെ ഇക്കൂട്ടത്തിൽ ഉണ്ടാവാം.

സഹോദരീ സഹോദരന്മാർ ജീവിതം കരുപിടിപ്പിച്ച് മുന്നോട്ട് പോകുമ്പോൾ പാതിവഴിയിൽ ഒറ്റപ്പെട്ട് പോകുന്നവർ ഒരു വലിയ ചോദ്യചിഹ്നമായി സമൂഹത്തിലുണ്ട്. അതുപോലെതന്നെ അകാലത്തിൽ വിധവകളായവരും, വിഭാര്യർ ആയവരും ജീവിതസാഹചര്യത്തിൽ വലിയ പ്രതിസന്ധിയിൽ എത്തിച്ചേരുന്നതും സാധാരണമാണ്. എന്നാൽ ഇക്കൂട്ടത്തിൽ അഭ്യസ്ഥവിദ്യരും ഉണ്ട് എന്നുള്ളത് യാഥാർത്ഥ്യം മാത്രം. ഇങ്ങനെയുള്ളവർക്ക് ഒരു പങ്കാളിയെ കണ്ടെത്തുവാൻ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എറണാ കുളം സെൻട്രൽ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'നിനക്കായി...'

തങ്ങളുടെ കുടുംബങ്ങളുടെ ഐശ്വര്യത്തിനുവേണ്ടി യൗവ്വനം ബലികൊടുത്ത് അവിവാഹിതരായി തുടരുന്ന 35 വയസ്സിനുമേൽ പ്രായമുള്ള ഒട്ടനവധി സ്ത്രീ പുരുഷന്മാർ എറണാകുളം അതിരൂപതയിൽപ്പെട്ട മുന്നൂറോളം ഇടവകകളിലായുണ്ട്. ഈ വസ്തുത പഠനവിധേയമാക്കിയതിന്റെ വെളിച്ചത്തിൽ, എറണാകുളം അതിരൂപതയിൽപ്പെട്ട വർക്കുവേണ്ടിയുള്ള ആളുകളുടെ ഒറ്റപ്പെടൽ ഒരു പരിധിവരെ പരിമിതപ്പെടുത്താനാണ് ഈ പദ്ധതി. താല്പര്യമുള്ളവർ ഇടവകയിൽ പ്രവർത്തിക്കുന്ന കോൺഫറൻസുമായി ബന്ധപ്പെടുക. 35 വയസ്സിനു മുകളിൽ അവിവാഹിതരുടേയും, അകാലത്തിൽ വിധവകളായവരുടേയും, വിഭാര്യർ ആയവരുടേയും വിവരശേഖരണംനടത്തി രൂപികരിക്കുന്ന Area Council, Central Council മേഖലാതലങ്ങളിൽ രേഖകൾ കൈമാറി അനുയോജ്യരായ ജീവിതപങ്കാളിയെ സ്വയം കണ്ടെത്തുവാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ വിവാഹാർത്ഥികൾക്ക് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നിഷ്കർഷിക്കുന്ന നിയമങ്ങളും വ്യവസ്ഥകളും ബാധകമാണ്. ഇതിന് സൊസൈറ്റി യാതൊരു ഫീസും ഈടാക്കുന്നതല്ല. Bio-data യിൽ സത്യസന്ധമായ വിവരങ്ങളെ രേഖപ്പെടുത്താവൂ.

**പദ്ധതിയുമായി ബന്ധപ്പെട്ട Sub committee അംഗംങ്ങൾ**

| | | | |
|---|---|---|---|
| Vaikom ACP<br>Bro. Xavier John<br>9447506988 | Kizhakkambalam ACP<br>Bro. Biju Joseph<br>9745999027 | Thrippunithura ACP<br>Bro.Joy Puthenpurackal<br>9388639816 | Lady Rep<br>Sr.Deepa Manu<br>9388131084 |

# നിനക്കായി







## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
### എറണാകുളം സെൻട്രൽ കൗൺസിൽ

**വിവാഹപ്രായം കഴിഞ്ഞിട്ടും ഇനിയും ഒരു ജീവിതാന്തസ്സിലേക്ക് പ്രവേശിക്കാൻ സാധിക്കാതെ നിൽക്കുന്ന സ്ത്രീ പുരുഷന്മാരുടെ അവസ്ഥക്ക് മാറ്റം വരുത്താനുള്ള പദ്ധതിയാണ് 'നിനക്കായി'**

മലയാളികളുടെ വിവാഹപ്രായം 20നും 30നും ഇടയിലാണ് കൂടുതലും നടക്കുക. എന്നാൽ ഈ പ്രായത്തിൽ തങ്ങളുടെ കുടുംബങ്ങളെ കരകയറ്റാനുള്ള കഠിനാദ്ധ്വാനത്തിലായിരിക്കും ഇക്കൂട്ടർ. സഹോദരി സഹോദരന്മാർ ജീവിതം കരുപിടിപ്പിച്ച് മുന്നോട്ട് പോകുമ്പോൾ പാതിവഴിയിൽ ഒറ്റപ്പെട്ട് പോകുന്നവർ ഒരു വലിയ ചോദ്യചിഹ്നമായി അവശേഷിക്കുന്നു. അതുപോലെതന്നെ അകാലത്തിൽ വൈധവ്യം സംഭവിക്കുന്നവരും, വിഭാര്യർ ആകുന്നവരും, ജീവിതസായാഹ്നത്തിൽ വലിയ പ്രതിസന്ധിയിൽ എത്തിച്ചേരുന്നതും സാധാരണമാണ്. ഇങ്ങനെയുള്ളവർക്ക് ഒരു പങ്കാളിയെ കണ്ടെത്തുവാൻ ഉപകരിക്കുന്ന ഈ പദ്ധതി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് കുറ്റമറ്റതാ ക്കി നടപ്പാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

---

## ഉദ്ദേശ ലക്ഷ്യങ്ങൾ

തങ്ങളുടെ കുടുംബങ്ങളുടെ ഐശ്വര്യത്തിനുവേണ്ടി യൗവ്വനം ബലികൊടുത്ത് അവിവാഹിതരായി തുടരുന്ന 35 വയസ്സിനുമേൽ പ്രായമുള്ള ഒട്ടനവധി സ്ത്രീ പുരുഷന്മാർ വിവിധ ഇടവകകളിൽ ഉണ്ട്. ഈ വസ്തുത പഠനവിധേയമാക്കിയതിന്റെ വെളിച്ചത്തിൽ അപ്രകാരമുള്ള ആളുകളുടെ ഒറ്റപ്പെടൽ ഒരു പരിധിവരെ പരിമിതപ്പെടുത്താനാണ് ഈ പദ്ധതി. ഏറ്റവും അടിസ്ഥാനഘടകമായ കോൺഫറൻസുകൾ, 35 വയസ്സിനു മുകളിലുള്ള അവിവാഹിതരുടെ വിവരശേഖരണം നടത്തി, AC, CC തലങ്ങളിൽ രേഖകൾ കൈമാറി അനുയോജ്യരായ ജീവിതപങ്കാളിയെ സ്വയം കണ്ടെത്തുവാൻ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ഇങ്ങനെയുള്ള വിവാഹങ്ങൾക്ക് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്കോ അതുമായി ബന്ധപ്പെട്ട കോൺഫറൻസുകൾ, ഉപരികൗൺസിലുകൾ എന്നിവകൾക്ക് യാതൊരുവിധത്തിലുള്ള ഉത്തരവാദിത്വമോ, ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

## കോൺഫറൻസ് തലം

എല്ലാ കോൺഫറൻസുകളും തങ്ങളുടെ ഇടവകയുടെ പരിധിയിൽ വരുന്ന ഭവനങ്ങൾ സന്ദർശിച്ച് പദ്ധതിയിൽ ചേരുവാൻ താല്പര്യമുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് അപേക്ഷകരുടെ Profile (Bio-data) തയ്യാറാക്കി A.C യിൽ എത്തിക്കുക.

അംഗമാകാൻ താല്പര്യമുള്ളവരുടെ വിവരശേഖരണം നടത്തുമ്പോൾ കോൺഫറൻസ് അംഗങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ ഗൗരവമായി ശ്രദ്ധിക്കേണ്ടതാണ്.

1. മദ്യപാനിയോ, മാനസിക വൈകല്യമുള്ളതോ, മയക്കുമരുന്ന് ഉപയോഗിക്കുന്നതോ, കുറ്റവാളികളൊ, ആയവരെ പരിഗണിക്കേണ്ടതില്ല. പുരുഷന്മാരാണെങ്കിൽ ജീവിതപങ്കാളിയെ സംരക്ഷിക്കാൻ കഴിവുള്ള വ്യക്തിയായിരിക്കണം.
2. ഇടവകകളിൽ പദ്ധതിയെപ്പറ്റി ആത്മീയ ഉപദേഷ്ടാക്കളുമായി ആലോചിച്ച്, തുടർച്ചയായി പള്ളിയിൽ അറിയിപ്പ് നടത്തുവാനും, കൂടാതെ ഇടവകകളിൽനിന്നും പ്രസിദ്ധീകരിക്കുന്ന ബുള്ളറ്റിനുകളിൽ പദ്ധതിയെപ്പറ്റി വിശകലനം നടത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ബഹു. ഇടവക വികാരിയുടേയും മദർ സുപ്പീരിയറുടേയും ഫാമിലി യൂണിറ്റ് പ്രസിഡന്റുമാരുടേയും സഹായം തേടാവുന്നതാണ്.
3. അംഗമാകാൻ താല്പര്യമുള്ളവരുടെ വിവരശേഖരണം നടത്തുമ്പോൾ Bio-data യിൽ പറയുന്ന കാര്യങ്ങൾ സത്യസന്ധമാണോയെന്ന് കോൺഫറൻസുകൾ വിലയിരുത്തണം.
4. Bio-data കൾ കൈകാര്യം ചെയ്യുമ്പോൾ സൊസൈറ്റി നിഷ്കർഷിക്കുന്ന രഹസ്യസ്വഭാവം അംഗങ്ങൾ കാത്തു സൂക്ഷിക്കേണ്ടതാണ്.
5. Bio-data കൈമാറുന്നതിന് പെൺകുട്ടികളുടെ രക്ഷകർത്താക്കൾ കോൺഫറൻസുമായി ബന്ധപ്പെട്ടാൽ അനുവദിക്കാവുന്നതാണ്.
6. ഗുണഭോക്താക്കളുടെ ആവശ്യമായ വിവരങ്ങൾ കോൺഫറൻസുകൾ തയ്യാറാക്കുകയും അപേക്ഷകരുടെ വിവരങ്ങൾ AC കളിൽ പുനപരിശോധന നടത്തി website ൽ update ചെയ്യേണ്ടതാണ്.
7. കോൺഫറൻസുകളുടെ പ്രതിവാര മീറ്റിങ്ങുകളിൽ ചർച്ച ചെയ്യുകയും, തങ്ങളുടെ പരിധിയിൽവരുന്ന ഗുണഭോക്താക്കളെ കണ്ടെത്തി പ്രസ്തുത പട്ടിക AC ക്ക് കൈമാറുകയും, കോൺഫറൻസ് പ്രസിഡന്റുമാർ പദ്ധതിയുടെ പുരോഗതി AC മീറ്റിങ്ങുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
8. പദ്ധതിയുടെ ഭാഗമായി യോഗ്യമായ proposal അപേക്ഷകരുടെ ഉത്തരവാദിത്വത്തിൽ ആവശ്യമായ അന്വേഷണങ്ങൾക്കുശേഷം തുടരാം. ആയതിന് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്കൊ, കോൺഫറൻസുകൾക്കൊ യാതൊരു വിധത്തിലുള്ള ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ലെന്ന് രേഖാമൂലം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.
9. കോൺഫറൻസുകൾ ശേഖരിച്ച് സമർപ്പിക്കുന്ന ഡേറ്റകൾ, ഓരോ ഏരിയ കൗൺസിലുകളും Website ലേക്ക് പകർത്തണം. ആയതിന്റെ പൂർണ ഉത്തരവാദിത്വം Area Council President നായിരിക്കും. പ്രസ്തുത website ൽ ശേഖരിക്കപ്പെട്ട ഡേറ്റകൾ പ്രാരംഭഘട്ടത്തിൽ CC യിലെ എല്ലാ AC കളിലും വളരെ എളുപ്പത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.
10. ഗുണഭോക്താക്കളിൽ നിന്നും യാതൊരു ഫീസും ഈടാക്കുന്നതല്ല.
11. ഈ പദ്ധതി ക്രൈസ്തവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

# നിനക്കായി

## Bio-data

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
എറണാകുളം സെൻട്രൽ കൗൺസിൽ

| | | | |
|---|---|---|---|
| 1. | പേര് | : | ........................................ |
| 2. | ജനന തീയതി | : | ........................................ |
| 3. | മതം | : | ........................................ |
| 4. | ജാതി | : | ടഇ/ ഘമരശേ/ഉമഹശവേ /ലരേ |
| 5. | വിദ്യാഭ്യാസയോഗ്യത വിശദമായി രേഖപ്പെടുത്തണം | : | ........................................ |
| 6. | പൊക്കം തൂക്കം | : | ........................................ |
| 7. | രക്ത ഗ്രൂപ്പ് | : | ........................................ |
| 8. | വിവാഹിത/വിവാഹിതൻ/Divorcee or any other, വ്യക്തമാക്കുക | : | ........................................ |
| 9. | ജോലി, ജോലി ചെയ്യുന്ന സ്ഥാപനം വ്യക്തമാക്കുക | : | ........................................ |
| 10. | പൂർണ്ണമായ മേൽവിലാസം | : | ........................................ |
| 11. | പുരുഷൻ / സ്ത്രീ | : | ........................................ |
| 12. | പിതാവിന്റെ പേര് | : | ........................................ |
| 13. | മാതാവിന്റെപേര് | : | ........................................ |
| 14. | സഹോദരൻ/സഹോദരി,വിവാഹിത/വിവാഹിതൻ വ്യക്തമാക്കുക | : | ........................................ |
| 15. | അപേക്ഷകന് സ്വന്തമായി വീടുണ്ടോ, ആരൊടൊപ്പമാണ് താമസം | : | ........................................ |
| 16. | മൊബൈൽ നമ്പർ | : | ........................................ |

## സമ്മതപത്രം

ഈ വിവാഹത്തിന് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്കൊ അതുമായി ബന്ധപ്പെട്ട കോൺഫറൻസുകൾക്കോ, യാതൊരു തലത്തിലുള്ള ഉത്തരവാദിത്വമോ, ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ലെന്നും, ഭാവിയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അത് എന്റെ മാത്രം ഉത്തരവാദിത്വമാണെന്നും വിവാഹവുമായി യാതൊരുവിധ പരാതിയും ബോധിപ്പിക്കുകയില്ലെന്നും ഇതിനാൽ ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

പേര് ........................................

ഒപ്പ് ........................................

## Official Purpose

1. Name of Conference and Parish : ........................................
   Name of Conference President and Signature : ........................................
2. Name of Area Council : ........................................
   Name of Area Council President and Signature : ........................................
3. Name of Central Council : ........................................
   Name of Central Council President and Signature : ........................................